(ഇ) ഇ. ഡി. പി. സി.-യിൽ ഡാറ്റാ എൻട്രി മാത്രമാണ് നടത്തുന്നത്. ആയതിലേയ്ക്ക് പ്രത്യേകിച്ച് കമ്പ്യൂട്ടർ യോഗ്യത ഒന്നും ആവശ്യമില്ല. ടി ജോലി ചെയ്യുവാൻ താൽപര്യമുള്ളവർക്ക് വേണ്ടത്ര പരിശീലനം നൽകിയാണ് നിയോഗിച്ചിട്ടുള്ളത്. കൂടാതെ, ടി സെക്ഷനിൽ B.Tech-ഉം MCA-ഉം യോഗ്യതയുള്ളവർക്കും ജോലി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ യോഗ്യതയുള്ളവരെ നിയോഗിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ തൽക്കാലം നിലവിലുള്ള ആരെയും മാറ്റി പുതുതായി നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി.-യിൽ കൊറിയർ സർവ്വീസ്

283 (2027) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൊറിയർ സർവ്വീസ് മുഖേന എത്ര രൂപ വരുമാനം ലഭിച്ചുവെന്നും ഇതിനായി ഏത് കമ്പനിയുമായാണ് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കരാറിൻ പ്രകാരം കമ്പനിക്ക് കെ.എസ്.ആർ.ടി.സി. എന്തെല്ലാം സൗകര്യങ്ങളാണ് സ്റ്റേഷനിൽ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) കൊറിയർ സർവ്വീസിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും തെരഞ്ഞെടുക്കപ്പെട്ട കമ്പനികൾക്ക് എത്ര കാലത്തേക്കാണ് കരാർ കാലയളവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 23-10-2015 മുതൽ പ്രവർത്തനം ആരംഭിച്ച കൊറിയർ പാഴ്സൽ സർവ്വീസിൽനിന്നും നാളിതുവരെ സർവ്വീസ് ടാക്സ് ഉൾപ്പെടെ 7,08,000 (ഏഴ് ലക്ഷത്തി എണ്ണായിരം രൂപ) രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. M/s ടാക്കോൺ കൊറിയേഴ്സ് (Reachon Fast Bus Service) എന്ന കമ്പനിയുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

(ബി) വാഹന സൗകര്യമുള്ള 120 sqft സ്ഥലം കൊറിയർ പാഴ്സൽ കമ്പനിയ്ക്ക് കൗണ്ടർ സ്ഥാപിക്കുന്നതിന് അനുവദിച്ചുനൽകണം.

(സി) ലേലം/ടെണ്ടർ നടപടികളിലൂടെയാണ് ലൈസൻസികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട കമ്പനിക്ക് തുടക്കത്തിൽ അഞ്ച് വർഷത്തേയ്ക്കാണ് ലൈസൻസ് കാലയളവ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly